പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **8089** 17.07.2014-ൽ മറുപടിക്ക്

## സംസ്ഥാനത്ത് എച്ച്.ഐ.വി. ബാധിച്ചവരുടെ വർദ്ധനവ്

ചോദ്യം | മറുപടി

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് എച്ച്.ഐ.വി. ബാധിച്ചവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) ഇല്ല.

(ബി) 2014 ജൂൺ 30 വരെ സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്ത കേസുകൾ എത്രയെന്നും എത്ര പേർ മരണപ്പെട്ടുവെന്നും വിഭാഗം തിരിച്ച് (പുരുഷൻ, സ്ത്രീ, കുട്ടികൾ) വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് അഞ്ച് മെഡിക്കൽ കോളേജുകളിലും മൂന്ന് ജില്ലാ ആശുപത്രികളിലുമായി പ്രവർത്തിക്കുന്ന എട്ട് ഉഷസ്സ് (എ.ആർ.റ്റി) കേന്ദ്രങ്ങൾ വഴിയാണ് എച്ച്.ഐ.വി. അണുബാധിതർ ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്യുന്നത്.

2014 ജൂൺ 30 വരെ രജിസ്റ്റർ ചെയ്തവരുടെ വിവരം താഴെ ചേർക്കുന്നു.

| **ആകെ രജിസ്റ്റർ ചെയ്തവർ** | **പുരുഷൻ** | **സ്ത്രീകൾ** |
|---|---|---|
| മുതിർന്നവർ | 10128 | 7054 |
| കുട്ടികൾ | 466 | 398 |
| ആകെ | 10594 | 7452 |
| ആകെ രജിസ്റ്റർ ചെയ്തവർ - 18046 | | |
| മരിച്ചവർ | 2503 | 977 |
| കുട്ടികൾ | 41 | 41 |
| ആകെ | 2544 | 1018 |
| ആകെ മരിച്ചവർ - 3562 | | |

(സി) എച്ച്.ഐ.വി. മഹാമാരി ഒരു സംയോജിത പകർച്ചവ്യാധിയായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ രോഗത്തിന്റെ വ്യാപനം തടയുന്നതിനും രോഗികളുടെ പുനരധിവാസത്തിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

(സി) കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിയുടെ നിയന്ത്രണത്തിൽ എച്ച്.ഐ.വി. അണുബാധിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല.

(.....2)

രോഗത്തിന്റെ വ്യാപനം തടയുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ താഴെ സൂചിപ്പിക്കുന്നു.

* ബോധവൽക്കരണ പരിപാടികൾ
* യുവജനങ്ങൾക്കും, സ്കൂൾതലത്തിലും എച്ച്.ഐ.വി. ബോധവൽക്കരണ ക്ലാസുകൾ
* നാടൻകലാരൂപങ്ങളുടെ സഹായത്തോടെ എച്ച്.ഐ.വി. പ്രതിരോധ സന്ദേശങ്ങൾ ഉൾപ്രദേശങ്ങളിലും, ഗ്രാമപ്രദേശങ്ങളിലും "ഫോക്ക് ക്യാമ്പെയിൻ" നടത്തിവരുന്നു.
* ദൃശ്യ, ശ്രാവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള പ്രവർത്തനങ്ങൾ
* ലഘുലേഖകൾ, കൈപുസ്തകങ്ങൾ, പരസ്യ പലകകൾ തുടങ്ങിയവയിലൂടെ ജനങ്ങളെ ബോധവൽക്കരിച്ചുകൊണ്ടിരിക്കുന്നു.
* ലക്ഷ്യഗ്രൂപ്പുകളായ സ്ത്രീ ലൈംഗിക തൊഴിലാളികൾ, പുരുഷസ്വവർഗരതിക്കാർ, മയക്കുമരുന്ന് കുത്തിവച്ച് ഉപയോഗിക്കുന്നവർ, ദീർഘദൂര ട്രക്ക് ഡ്രൈവർമാർ, അന്യദേശ കുടിയേറ്റ തൊഴിലാളികൾ എന്നിവരുടെ ഇടയിൽ നടപ്പിലാക്കുന്ന ലൈംഗിക ആരോഗ്യ പദ്ധതിയിലൂടെ എച്ച്.ഐ.വി. വ്യാപനം തടയുന്നു.
* മയക്കുമരുന്ന് കുത്തിവെയ്ക്കുന്നവരുടെ ഇടയിൽ എച്ച്.ഐ.വി. വ്യാപനം തടയുന്നതിനുവേണ്ടി 'ഓറൽ സബ്സ്റ്റിറ്റ്യൂഷൻ തെറാപ്പി' സെന്ററുകൾ ഏഴ് ഗവൺമെന്റ് ആശുപത്രികളിലും, മൂന്ന് എണ്ണം സന്നദ്ധ സംഘടനകൾ വഴിയും നടപ്പിലാക്കുന്നു.
* കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട അറുന്നൂറോളം കോളേജുകളിൽ റെഡ് റിബ്ബൺ ക്ലബ്ബുകൾ വഴി സന്നദ്ധ രക്തദാനവും, എയ്ഡ്സിനെതിരെയുള്ള ബോധവൽക്കരണവും നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ